**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4290** **01-07-2024 - ൽ മറുപടിയ്ക്ക്**

**കല്ലിങ്കൽപാടം സ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. സുമോദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ കല്ലിങ്കൽപാടം ഗവണ്മെന്റ് ഹയർ സെക്കൻഡറി സ്കൂളിന്റെ (ജി.ഇ.ഡി. 003-11) കെട്ടിട നിർമ്മാണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണ്; പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയും; വ്യക്തമാക്കുമോ? | (എ) | കിഫ്ബി പദ്ധതിയിൽ ഉൾപെടുത്തിയ കല്ലിങ്കൽ പാടം ഗവ. ഹയർ സെക്കണ്ടറി സ്ക്ളിന് 29.07.2020 ലെ ഉത്തരവ് നം GED003-11/APR-1/2020/KIIFB പ്രകാരം 96,26,374/- രൂപയുടെ സാമ്പത്തികാനുമതി കിഫ്ബി നൽകിയിരുന്നു. ടി പ്രവൃത്തിക്ക് 27.07.2023 ലെ ഉത്തരവ് നം GED003-11/APR-2/2023/KIIFB പ്രകാരം 1,29,99,500/- രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി കിഫ്ബി നൽകിയിട്ടുണ്ട്. തുടർന്ന് പദ്ധതി നിർവ്വഹണ ഏജൻസിയായ കില പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമാക്കി പ്രവൃത്തിയുടെ നിർവ്വഹണത്തിനായി 12/02/2024 ൽ ഇ-ടെണ്ടർ ക്ഷണിച്ചുവെങ്കിലും ഒരു ടെണ്ടർ മാത്രം ലഭ്യമായതിനാൽ 22/06/2024 ൽ റീ ടെണ്ടർ ചെയ്തിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയായാലുടൻ തന്നെ കരാർ നൽകി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ പദ്ധതി നിർവഹണ ഏജൻസി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ